**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- മുക്കം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സൂരജ്. സി.ടി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A 367/15 നമ്പർ കേസ്സിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ (സാധാ) നം. 49/2017/തസ്വഭവ                    തീയതി,തിരുവനന്തപുരം, 07.01.2017

---

പരാമർശം:- 1) O.A 367/2015 നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20.07.2015 ലെ വിധിന്യായം.
2) സ.ഉ(പി) നം. 01/2014/ഉഭപവ. തീയതി 03.01.2014.
3) സ.ഉ(പി) നം. 21/2014/ഉഭപവ. തീയതി 19.07.2014.
4) 23.12.2014-ലെ 59989/ഇപിഎ 1/14/തസ്വഭവ നം. സർക്കാർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ മുക്കം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സൂരജ്. സി.ടി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 367/15 നമ്പർ അപേക്ഷയിന്മേൽ പരാമർശം (1) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 20.07.2015- ലെ ഉത്തരവിൽ, അപേക്ഷകൻ, ഒന്നാം കക്ഷിയായ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അനക്സർ എ.8 നിവേദനം പരിശോധിച്ച് പരാതിക്കാരെ നേരിൽ കേട്ടതിന് ശേഷം 3 മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അനക്സർ A8 നിവേദനത്തിൽ പരാമർശം (4) ലെ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ തസ്തികമാറ്റം നിയമനത്തിനായി തയ്യാറാക്കുന്ന ജില്ലാതലത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താമെന്ന സർക്കാർ നിർദ്ദേശം പിൻവലിച്ച്, ലാസ്റ്റ്ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കുമായി നീക്കിവച്ചിട്ടുള്ള 10% ഒഴിവുകൾ ടി വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് മാത്രമായി സംവരണം ചെയ്തുകൊണ്ടുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകണമെന്ന് അപേക്ഷിക്കുകയുണ്ടായി.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശാനുസരണം പരാതിക്കാരനെ 04.02.2016 തീയതിയിൽ നേരിൽ കേട്ടു.

പരാമർശം (2)-ലെ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലെ ക്ലാസ് IV വിഭാഗം ജീവനക്കാർക്കു പുറമെ സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാരെയും കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗ്യരായ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക്/ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (3)-ലെ ഉത്തരവ് പ്രകാരം ടി സീനിയൊറിറ്റി ലിസ്റ്റ് ജില്ലാതലത്തിലുള്ള എൻടി. കേഡറിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പരിഗണിക്കേണ്ടതെന്ന് സ്പഷ്ടീകരിക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടർ സ്പഷ്ടീകരണം തേടിയതിനെത്തുടർന്ന് ഗ്രാമ പഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ്

സർവ്വീസ് ജീവനക്കാരെ തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കുന്ന ജില്ലാതലത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ലെന്ന് പരാമർശം (4)-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിരുന്നു.

അനക്സർ എ 8 നിവേദനത്തിലെ ആവശ്യം ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ വെളിച്ചത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (2) ലെ ഉത്തരവ് പ്രകാരമുള്ള തസ്തികമാറ്റ നിയമനത്തിന് Kerala Last Grade Service Special Rules-ൽ ഉൾപ്പെട്ടവർക്കും, വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കുമാണ് (LD Clerk /LD Typist എന്നീ തസ്തികകളുടെ ശമ്പളത്തെക്കാൾ താഴ്ന്ന ശമ്പള സ്കെയിലുള്ളവർ) അർഹതയുള്ളത്. Kerala Last Grade Service Special Rules-ൽ ഉൾപ്പെട്ട 'Peon' തസ്തികയെ Kerala Panchayat Subordinate Service Special Rules-ൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ പഞ്ചായത്തിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാർ ടി രണ്ട് Special Rules-ലും ഉൾപ്പെട്ട് വന്നിട്ടില്ല. 06.01.1995-ലെ സ.ഉ(പി) നം. 01/1995/തസ്വഭവ പ്രകാരം പഞ്ചായത്തിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാർ പഞ്ചായത്ത് ജീവനക്കാരായിത്തന്നെ തുടരുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാരണങ്ങളാൽ പഞ്ചായത്തിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ പരാമർശം (2) ലെ ഉത്തരവ് പ്രകാരമുള്ള തസ്തികമാറ്റ നിയമനത്തിന് പരിഗണിക്കാൻ കഴിയുന്നതല്ല.

ആയതിനാൽ പരാമർശം (4) ലെ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ തസ്തികമാറ്റ നിയനത്തിനായി തയ്യാറാക്കുന്ന ജില്ലാതലത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ലെന്ന പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുള്ള സ്പഷ്ടീകരണം പിൻവലിച്ചുകൊണ്ടും പരാമർശം (2), (3) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്കുള്ള തസ്തികമാറ്റ നിയമനത്തിന് ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ ഒഴിവാക്കിക്കൊണ്ട് ജില്ലാതലത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും, പരാമർശം (4) ലെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാർക്ക് അപ്രകാരം തസ്തികമാറ്റ നിയമനം ഇതിനകം നൽകിയിട്ടുണ്ടെങ്കിൽ ടി നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 367/2015 മേലുള്ള 20.07.2015-ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വി.കെ. ബേബി**
**ഗവ. സ്പെഷ്യൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം, വഞ്ചിയൂർ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
സെക്രട്ടറി, മുക്കം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
ശ്രീ. സൂരജ്. സി.ടി, മുക്കം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (മുക്കം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (ഫയൽ നം. 422/ഇപിഎ 2/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ